

# മെത്രാപ്പോലീത്തായുടെ കത്ത്

**(ഒക്ടോബർ 2017)**

കർത്താവിൽ പ്രിയരേ,

നല്ല ഇന്നലെകളെക്കുറിച്ചുള്ള ഓർമ്മകൾ ഉണർത്തിച്ചും ഒരു നല്ല നാളെയെക്കുറിച്ചുള്ള സ്വപ്നങ്ങൾ പകർന്നു നൽകിയും സന്തുഷ്ടമായ ഒരു ഓണക്കാലം കൂടി കടന്നുപോയി. ഓണം വിരുന്നുവന്നു പോയപ്പോൾ കാലവർഷം കാലംതെറ്റി വന്ന് കേരളത്തിൽ ആഞ്ഞടിച്ച് പാറശാല മുതൽ കാസർകോഡ് വരെ നാശനഷ്ടങ്ങൾ ഉളവാക്കി. ജ്വലിച്ചു നിൽക്കുന്ന അഗ്നിയിലേക്ക് തണുത്ത വെള്ളം ഒഴിച്ചതുപോലെ ആഹ്ലാദത്തിമിർപ്പ് കെട്ടടങ്ങി. ശാസ്ത്രീയമായി സംവിധാനം ചെയ്തിരിക്കുന്ന റോഡുകൾക്ക് തകരാറു സംഭവിച്ചില്ലായെന്നുവരികിലും സാധാരണക്കാർ ഉപയോഗിക്കുന്ന പൊതുനിരത്തുകളിലെ യാത്ര അതീവ ക്ലേശകരമായിരിക്കുകയാണ്. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ശീഘ്രഗതിയിൽത്തന്നെ നിർവ്വഹിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ ഉത്സാഹിക്കേണ്ടിയിരിക്കുന്നു.

ഈ കാലയളവിൽ നമ്മുടെ ഭദ്രാസന അസംബ്ലികളിലേക്കുള്ള തിരഞ്ഞെടുപ്പുകളും വാർഷിക യോഗങ്ങളും അനുഗ്രഹകരമായി നടന്നു. റിപ്പോർട്ടുകൾ എപ്പിസ്കോപ്പൽ സിനഡ് അംഗീകരിച്ചു. പുതിയ കൗൺസിലുകൾ ഉത്സാഹത്തോടും വ്യക്തതയോടും സർവ്വോപരി ദൈവഹിതം തിരിച്ചറിഞ്ഞും കർത്താവിന്റെ ശരീരമായ സഭയോടുള്ള പ്രതിബദ്ധതയിലും പ്രവർത്തനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യുവാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സമൂഹത്തിൽ ദൈവനീതിയുടെ വ്യാപാരവും നമ്മോടൊപ്പം ഭാഗ്യവാന്മാരല്ലാത്ത ജനതയോടുള്ള കനിവും ഭദ്രാസനങ്ങളുടെ പ്രവർത്തനപദ്ധതികളിൽ പ്രതിഫലിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

നമ്മുടെ സഭാപ്രതിനിധി മണ്ഡലം തികഞ്ഞ സംതൃപ്തിയോടുകൂടി നടത്തുന്നതിന് ഇടയാക്കിയ ദൈവകൃപയ്ക്കു സ്തോത്രം. പുതിയ സഭാകൗൺസിൽ, പുതിയ ഔദ്യോഗിക ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, വിവിധ സമിതികളുടെ തിരഞ്ഞെടുപ്പ് എന്നിവയെല്ലാം നടന്നുകഴിഞ്ഞു. ഈ സംവത്സരത്തിൽ നമ്മുടെ ലക്ഷ്യം എന്തായിരിക്കണം? സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അന്യപ്പെട്ടും അവഗണിക്കപ്പെട്ടും കഴിഞ്ഞുകൂടുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൂട്ടിക്കൊണ്ടു വരിക എന്ന ഒരു വലിയ ധർമ്മം നാം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ദൈവീക സൃഷ്ടിയായ ട്രാൻസ്ജെൻഡർ ആളത്വങ്ങളോട് സഭയ്ക്കുള്ള കടപ്പാട് ദൈവവചന അടിസ്ഥാനത്തിൽ തന്നെ നാം തിരിച്ചറിയേണ്ടതായിട്ടുണ്ട്. അവരെ അംഗീകരിക്കുകയും അവർക്കാവശ്യമായ വിദ്യാഭ്യാസ പരിശീലനം നൽകുകയും അവരെ അഭിമാനമുള്ള ഒരു ജനതയായി അംഗീകരിച്ച് ഉയർത്തിക്കൊണ്ടു വരികയും ചെയ്യേണ്ടത് സഭയുടെ ധർമ്മമാണ്. യെശയ്യാവിന്റെ പ്രവചനത്തിൽ ഇങ്ങനെ അവഗണിക്കപ്പെടുന്ന വ്യക്തിത്വങ്ങൾക്ക് മക്കളെക്കാൾ മുൻഗണന നൽകി ദൈവരാജ്യത്തിൽ ദൈവം ആദരിക്കുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. “യഹോവയോട് ചേർന്നിട്ടുള്ള അന്യജാതിക്കാരൻ; യഹോവ എന്നെ തന്റെ ജനത്തിൽ നിന്നും അശേഷം വേർപെടുത്തും എന്ന് പറയരുത്; ഷണ്ഡനും ഞാൻ ഒരു ഉണങ്ങിയ വൃക്ഷം എന്നു പറയരുത്; എന്റെ ശബ്ബത്ത് ആചരിക്കുകയും എനിക്കിഷ്ടമുള്ളത് തിരഞ്ഞെടുക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്യുന്ന ഷണ്ഡന്മാരോടും യഹോവയായ ഞാൻ ഇപ്രകാരം പറയുന്നു: ഞാൻ അവർക്ക് എന്റെ ആലയത്തിലും എന്റെ മതിലകങ്ങളിലും പുത്രീ-പുത്രന്മാരേക്കാൾ വിശേഷമായൊരു ജ്ഞാപകവും നാമവും കൊടുക്കും. ഛേദിക്കപ്പെടാത്ത ഒരു ശാശ്വതനാമം തന്നെ ഞാൻ അവർക്കു കൊടുക്കും” (യെശയ്യാവ് 56:3-5). പുതിയ നിയമത്തിൽ അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകത്തിൽ എത്യോപ്യ രാജ്ഞിയുടെ മന്ത്രിയായിരുന്ന ഒരു മനുഷ്യന്റെ തിരുവചനത്തോടുള്ള താല്പര്യവും അംഗീകാരവും എത്രമാത്രം ആദരണീയമാണ് എന്ന് വ്യക്തമാക്കിത്തരുന്ന ഒരു സംഭവം രേഖപ്പെടുത്തുന്നുണ്ട്. ദൈവാത്മാവ് ആ മനുഷ്യന്റെ അദമ്യമായ വചനാഭിമുഖ്യത്തെ ആദരിച്ചുകൊണ്ടാണ് ഫീലിപ്പോസിനെ അദ്ദേഹത്തിന്റെ അടുക്കലേക്ക് അയക്കുന്നത് (അപ്പൊ.പ്ര. 8:26-40). ട്രാൻസ്ജെൻഡർ വിഭാഗത്തിൽപെട്ട ആളത്വങ്ങൾ കേരളത്തിൽതന്നെ ഏകദേശം നാല്പതിനായിരത്തോളമുണ്ട് എന്ന് തിരിച്ചറിയുമ്പോൾ ദൈവം സ്നേഹിക്കുന്ന, ദൈവത്തിന്റെ സൃഷ്ടിയായ ആളത്വങ്ങളോടുള്ള നമ്മുടെ പ്രതിബദ്ധത എത്ര തീവ്രമാണ് എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ അഭി. ഡോ. ഗീവർഗീസ് മാർ തിയൊഡോഷ്യസ് എപ്പിസ്കോപ്പാ തിരുമേനിയും, റവ. ഫിലിപ്പ് ജോർജ്ജ് അച്ചനും സഭയുടെ ഈ മേഖലയിലുള്ള പ്രവർത്തനങ്ങൾക്ക് നൽകുന്ന നേതൃത്വം അഭിനന്ദനാർഹമാണ്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്ക്കരണ ക്ലാസുകൾ കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ കാര്യക്ഷമമായി സംഘടിപ്പിക്കുകയുണ്ടായി. ഉടനെതന്നെ മദ്ധ്യ തിരുവിതാംകൂറിൽ മൂന്നിടങ്ങളിൽ ഇത്തരം ക്ലാസ്സുകൾ ക്രമീകരിക്കുന്നതാണ്. വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവയിലൂടെയെല്ലാം മാനവികതയുടെ മുഖ്യധാരയിലേക്ക് നമ്മുടെ ഈ പ്രിയപ്പെട്ടവരെ കൊണ്ടുവരുവാനുള്ള സഭയുടെ ഉദ്യമത്തിൽ എല്ലാവരുടെയും

പ്രാർത്ഥനയും സഹായസഹകരണങ്ങളും ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

നമ്മുടെ മെഡിക്കൽ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എല്ലാ ആശുപത്രികളും കൂടുതൽ പ്രവർത്തനോത്സുകതയോടെ മുന്നേറിക്കൊണ്ടിരിക്കുന്നു. കറ്റാനം ആശുപത്രിയിൽ കാർഡിയാക് യൂണിറ്റ് വളരെ അനുഗ്രഹകരമായ രീതിയിൽ പ്രവർത്തിക്കുന്നു. ഫാർമസി കോളേജിൽ 180 വിദ്യാർത്ഥികൾ ഈ സംവത്സരം പഠനം നടത്തുന്നു. നേഴ്സിംഗ് കോളേജുകളിലെല്ലാം മുഴുവൻ സീറ്റുകളിലേക്കും അഡ്മിഷൻ നടത്തുവാൻ സാധിച്ചു. കുമ്പനാട് ആശുപത്രിയിൽ ജീറിയാട്രിക് സെന്റർ ഹൃദ്യമായ ശുശ്രൂഷകൾ നടത്തിവരുന്നു. 10 യൂണിറ്റ് അടങ്ങിയ ഡയാലിസിസ് വിഭാഗം നന്നായി പ്രവർത്തിക്കുന്നു. 2 മെഡിക്കൽ കോളേജുകളുടെയും 3 സ്വകാര്യ ആശുപത്രികളുടെയും മധ്യത്തിൽ പ്രവർത്തിക്കുന്ന ഈ ആതുര ശുശ്രൂഷാകേന്ദ്രം മിതമായ നിരക്കിൽ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നു. ഒരു ഡയാലിസിസിന് 650 രൂപാ വെച്ച് സ്പോൺസർ ചെയ്യുകയാണെങ്കിൽ നിർദ്ധനരായ രോഗികൾക്ക് സൗജന്യമായിത്തന്നെ ഡയാലിസിസ് നടത്തിക്കൊടുക്കുവാൻ സാധ്യമായിത്തീരും. കറ്റാനത്തും ചുങ്കത്തറയിലും ഡയാലിസിസ് യൂണിറ്റുകൾ ധന്യമായ ശുശ്രൂഷ നടത്തിവരുന്നു. അടുത്തസമയത്ത് 310 പേർക്ക് സൗജന്യമായി ഡയാലിസിസ് നടത്തുന്നതിനായുള്ള ഒരു തുക മെഡിക്കൽ മിഷനിലൂടെ ഒരു വ്യക്തി ആശുപത്രികൾക്ക് നൽകി എന്നത് എത്രയോ സന്തോഷകരമാണ്. അതുപോലെ കറ്റാനം ആശുപത്രിയിലെ നേത്ര ചികിത്സാ വിഭാഗം 8000 രൂപായോളം ചിലവുവരുന്ന തിമിര ശസ്ത്രക്രിയ 1000 രൂപ സ്പോൺസർഷിപ്പായി ലഭിക്കുമ്പോൾ സൗജന്യമായി നൽകിവരുന്നതും ശ്രദ്ധേയമാണ്. സ്പോൺസർഷിപ്പ് നൽകുന്നതിൽ സുമനസുകളുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

പൂലാത്തീൻ നിർമ്മാണ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി പൂർത്തീകരിച്ചപ്പോൾ ഭവന രഹിതരായ 5 പേർക്ക് വീടുകൾ നിർമ്മിച്ചു നൽകുവാൻ ഒരു പ്രോജക്റ്റ് സഭ ഏറ്റെടുക്കുകയുണ്ടായി. കൊക്കാത്തോട്, നന്നൂർ, എഴുമറ്റൂർ, അരിനല്ലൂർ, പാണ്ടങ്കേരി എന്നിവിടങ്ങളിലാണ് 5 ലക്ഷം രൂപ ചെലവഴിച്ച് സമീപത്തുള്ള ഇടവകകളുടെ സഹകരണത്തോടുകൂടി സഭ വീടുകൾ നിർമ്മിച്ചു നൽകിയത്. വീടിന് അർഹരായവരിൽ ക്രിസ്തീയ വിഭാഗത്തിൽ നിന്ന് 3 പേരും ഹൈന്ദവ വിഭാഗത്തിൽ നിന്ന് 2 പേരും ഉൾപ്പെട്ടിരിക്കുന്നു. ഈ പ്രോജക്റ്റിനുവേണ്ടി 25 ലക്ഷം രൂപ പ്രത്യേക സംഭാവന നൽകിയ ദാതാക്കളോടുള്ള നന്ദി അറിയിക്കുന്നു.

നമ്മുടെ കോർപ്പറേറ്റ് മാനേജരായി 3 വർഷക്കാലം ശ്രേഷ്ഠമായ ശുശ്രൂഷകൾ നിർവ്വഹിച്ച ഡോ. സൂസമ്മ മാത്യു സേവന കാലയളവ് പൂർത്തിയാക്കി മാനേജർ സ്ഥാനത്തുനിന്ന് വിരമിക്കുകയുണ്ടായി. നമ്മുടെ മാർത്തോമ്മാ മാനേജ്മെന്റിലെ പ്രഗത്ഭയായ അദ്ധ്യാപികയും പ്രിൻസിപ്പലുമായി സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ശ്രീമതി ലാലമ്മ വർഗീസാണ് പുതിയ മാനേജരായി നിയമിതയായിരിക്കുന്നത്. പുതിയ മാനേജർ എന്ന നിലയിൽ സഭ ഏല്പിച്ചിരിക്കുന്ന ഈ ഉപനിധി ഉത്സാഹത്തോടും പ്രതിജ്ഞാബദ്ധതയോടുംകൂടി ഭദ്രമായി സൂക്ഷിപ്പാനും പരിപോഷിപ്പാനും പുതിയ മാനേജർക്ക് ദൈവകൃപ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുന്നു.

നമ്മുടെ മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിലെ മാർത്തോമ്മാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആറാട്ടുപുഴയിലെ തരംഗം സെന്ററിൽ വെച്ച് Boys & Girls ക്യാമ്പ് 'പ്രകാശം പരത്തുന്ന വിദ്യാഭ്യാസം' എന്ന ചിന്താവിഷയത്തെ അടിസ്ഥാനമാക്കി വളരെ അനുഗൃഹീതമായ രീതിയിൽ നടന്നു. കാലം ചെയ്ത അഭി. ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ ഭാവനയിൽ രൂപം കൊണ്ട തരംഗത്തിൽ വെച്ച് നടന്ന ക്യാമ്പ് തിരുമേനിയെക്കുറിച്ചുള്ള ധന്യമായ ഓർമ്മകൾ പുതുക്കുന്ന ഒരനുഭവം കൂടിയായിരുന്നു. കുട്ടികൾക്കും അദ്ധ്യാപകർക്കും ഏറ്റവും ഹൃദ്യമായി തീർന്ന ആ ക്യാമ്പിന് നേതൃത്വം നൽകിയ ടീച്ചേഴ്സ് അസോസിയേഷന്റെ ഭാരവാഹികളെയും പ്രിൻസിപ്പൽമാരെയും പ്രഥമാദ്ധ്യാപകരേയും അദ്ധ്യാപകരെയും തരംഗത്തിന്റെ ചുമതലക്കാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ നിക്കോൾസൺ സ്കൂൾ നമ്മുടെ സമൂഹത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസ മേഖലയിൽ നൽകിക്കൊണ്ടിരിക്കുന്ന സേവനം അങ്ങേയറ്റം ശ്ലാഘനീയമാണ്. എന്നാൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ സമീപകാലത്തുവന്ന കുറവ് നിക്കോൾസന്റെ ഭാവിയെ ആശങ്കാജനകമായ ഒരവസ്ഥയിൽ എത്തിച്ചിരിക്കുകയാണ്. സി.ബി.എസ്.ഇ. സിലബസിലും കേരളാ സിലബസിലും ഉള്ള ക്ലാസുകൾ ഇപ്പോൾ അവിടെ നടക്കുന്നുണ്ട്. നമ്മുടെ പെൺകുട്ടികള സാംസ്കാരികവും സാമൂഹികവുമായ പ്രതിബദ്ധതയുള്ള പ്രതിഭകളാക്കി വളർത്തിയെടുക്കണം എന്നാഗ്രഹിക്കുന്ന മാതാപിതാക്കൾ നിക്കോൾസണിൽ കുട്ടികളെ ചേർത്ത് പഠിപ്പിക്കുന്നത് അഭികാമ്യമായിരിക്കും.

ഒന്നര വർഷക്കാലമായി യമനിൽ മതതീവ്രവാദികളുടെ ബന്ധനത്തിൽ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടു കഴിഞ്ഞ ഫാദർ ടോം ഉഴുന്നാലിന്റെ വിമോചനത്തിനായി വത്തിക്കാൻ നിർവ്വഹിച്ചതായ ഇടപെടലിനെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഈ വിമോചന പ്രക്രിയയിൽ ദൈവം എടുത്തുപയോഗിച്ച ഒമാനിലെ സുൽത്താന്റെ സമയോചിതമായ ഇടപെടലും നന്ദിപൂർവ്വം നാം ഓർക്കേണ്ടതാണ്. ഈ വിടുതൽപ്രക്രിയയിൽ വ്യാപരിച്ച ദൈവകൃപ അവർണനീയമാണ്. ലബാനോനിലെ തടവറയിൽ 2 ബിഷപ്പുമാർ ഇപ്പോഴും തടവിൽ കഴിയുന്നു എന്നത് വേദനാജനകമായ ഒരു യാഥാർത്ഥ്യമത്രേ. അവരുടെ വിടുതലിനായി നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം.

നമ്മുടെ സഭയിൽ ശാന്തതയോടുകൂടി തന്റെ പ്രവർത്തനകാലം പൂർത്തിയാക്കി കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ട, തിരുവല്ല ഉാഹേത്ത് ബെത് ശാലോം ഭവനത്തിൽ റവ. സഖറിയാ വർഗ്ഗീസ് അച്ചന്റെ ധന്യമായ ജീവിതത്തിനായി ദൈവത്തെ സ്തുതിക്കുന്നു. യുവജന സഖ്യം ജനറൽ സെക്രട്ടറി എന്ന നിലയിലും ഏല്പിക്കപ്പെട്ട എല്ലാ രംഗങ്ങളിലും ശ്രേഷ്ഠമായ ശുശ്രൂഷ നിർവ്വഹിച്ച് അല്പത്തിൽ വിശ്വസ്തനെ അധികത്തിന് വിചാരകനാക്കിത്തീർക്കുകയും ചെയ്യുന്ന വലിയവനായ കർത്താവിന്റെ നല്ലവനും വിശ്വസ്തനുമായ ദാസൻ എന്ന ഇമ്പവിളിക്ക് അർഹതയുള്ള പട്ടക്കാരനായി കർത്തൃസന്നിധിയിലേക്ക് കടന്നുപോയ അച്ചന്റെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതോടൊപ്പം അച്ചന്റെ ദേഹവിയോഗത്തി

ലുള്ള സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

മദ്യം നാട്ടിലൊഴുക്കി ജനങ്ങളെ മദോന്മത്തരാക്കി വിഭവ സമാഹരണം നടത്താൻ പ്രേരണ നൽകുന്ന കേരള സർക്കാരിന്റെ പുതിയ മദ്യനയം നമ്മുടെ സംസ്കാരത്തിനു തന്നെ ഒരു ഭീഷണിയാണ് എന്ന് പറയേണ്ടിയിരിക്കുന്നു. അനേകം വ്യക്തികളെയും കുടുംബങ്ങളെയും നാശത്തിലേക്ക് തള്ളിവിട്ടുകൊണ്ട് ഒരു നാടിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നതെങ്കിൽ ആ സമീപനം നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ആദർശങ്ങളിൽ നിന്നും സർവ്വോദയ ദർശനത്തിൽ നിന്നും നമ്മെ എത്രമാത്രം അകറ്റിക്കളയുന്നതാണ് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

കന്നുകാലികളോടുപോലും കാണിക്കാത്ത ക്രൂരതയോടെ നമ്മെപ്പോലെ തന്നെ മജ്ജയും മാംസവുമുള്ള മനുഷ്യരെ വെട്ടിനുറുക്കുന്ന ക്രൂരത ഇന്ന് സമൂഹത്തിൽ പെരുകിക്കൊണ്ടിരിക്കുന്നു എന്നത് എത്രയോ ഹൃദയഭേദകമായ വസ്തുതയാണ്. തെരുവു നായ്ക്കളോടുപോലും കാണിക്കുന്ന ദയ കാണിക്കാതെ മനുഷ്യൻ മനുഷ്യനെ കൊന്നുവീഴ്ത്തുന്ന അവസ്ഥാവിശേഷം നമ്മുടെ മാനവികതയുടെ അടിത്തറ തന്നെ ഇളക്കുന്നതാണ്. ഇത്തരം പ്രവണതകളെ തടയുവാൻ കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ അടിയന്തരമായി തന്നെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പെട്രോളിന്റെയും ഡീസലിന്റെയും വില അനുദിനം വർദ്ധിക്കുന്നത് കണ്ടില്ലെന്ന് നടിക്കുന്ന ഭരണകൂടസമീപനം അപലപനീയമാണ്. 50% നികുതി ഈടാക്കി പെട്രോളിനും ഡീസലിനും വിലകൂട്ടി ധനം കണ്ടെത്തുവാനുള്ള ശ്രമം കേന്ദ്ര ഗവണ്മെന്റ് നടത്തുമ്പോൾ അങ്ങനെ പണം കണ്ടെത്തുന്നത് സാധാരണ ജനങ്ങളുടെ കണ്ണീരൊപ്പാനാണ് എന്നു പറയുന്നത് ധൃതരാഷ്ട്ര ആലിംഗനത്തിന്റെ ഒരു പുതിയ പതിപ്പായിട്ട് മാത്രമേ കാണുവാൻ കഴിയൂ. ഉത്തരേന്ത്യയിലും മറ്റും പാൽക്കച്ചവടക്കാർ ഉപയോഗിക്കുന്ന മോപ്പഡ് വാഹനങ്ങളും നമ്മുടെ നാട്ടിൽപ്പോലും മത്സ്യ കച്ചവടക്കാരും മറ്റും ഉപയോഗിക്കുന്ന ചെറിയ ഇരുചക്ര വാഹനങ്ങളും പെട്രോളും ഡീസലും ഉപയോഗിച്ച് ഓടുന്നവയാണ് എന്ന യാഥാർത്ഥ്യം ഭരണാധികാരികൾ വിസ്മരിക്കരുത്. പാവപ്പെട്ടവരുടെ കണ്ണീരൊപ്പാനാണ് എന്ന ഭാവത്തിൽ പാവപ്പെട്ടവരുടെ ചോര ഊറ്റിയെടുക്കുന്ന ഇത്തരം സമീപനങ്ങൾ കൊടും ക്രൂരതയാണ് എന്ന് പറയാതെ വയ്യ.

കഴിഞ്ഞ 3 സംവത്സരക്കാലം നമ്മുടെ സഭയുടെ സഭാ സെക്രട്ടറിയായിരുന്ന റവ. ഉമ്മൻ ഫിലിപ്പ് അച്ചന്റെയും വൈദിക ട്രസ്റ്റിയായിരുന്ന റവ. ലാൽ ചെറിയാൻ അച്ചന്റെയും അത്മായട്രസ്റ്റിയായിരുന്ന അഡ്വ. പ്രകാശ് പി. തോമസിന്റെയും സഭാ കൗൺസിലിന്റെയും ധന്യമായ ശുശ്രൂഷകൾക്കായി സഭയുടെ നാമത്തിൽ അഭിനന്ദനങ്ങൾ അറിയിക്കുന്നു. പുതിയ സഭാസെക്രട്ടറിയായി ചുമതലയേറ്റ സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് അച്ചന്റെയും വൈദിക ട്രസ്റ്റി റവ. തോമസ് സി. അലക്സാണ്ടർ അച്ചന്റെയും അത്മായ ട്രസ്റ്റി ശ്രീ. പി.പി. അച്ചൻകുഞ്ഞിന്റെയും സഭാ കൗൺസിലിന്റെയും ശുശ്രൂഷകൾ സഭയ്ക്ക് ഏറെ അനുഗ്രഹമായി തീരട്ടെ എന്ന് ആശംസിക്കുന്നു.

ഒക്ടോബർ മാസം ആരംഭിക്കുന്നത് സന്നദ്ധ സുവിശേഷക സംഘദിനാചരണത്തോടുകൂടിയാണ്. അത്മായരുടെ സാക്ഷ്യം എന്നതാണ് അന്നത്തെ ചിന്താവിഷയം. വിശുദ്ധജനം രാജകീയ പുരോഹിതവർഗ്ഗമാണ് എന്നതാണ് സഭയുടെ മൗലികതത്വം. ക്രിസ്തുവിന്റെ മനുഷ്യമുഖം ഇന്നത്തെ ലോകത്തിന് ദർശിക്കുവാൻ സാധ്യമായി തീരുന്നതാണ് യഥാർത്ഥത്തിൽ അത്മായരുടെ സാക്ഷ്യം എന്ന് ഓർമ്മിപ്പിക്കട്ടെ. ഒക്ടോബർ 8-ാം തീയതി ഞായറാഴ്ച ഭിന്നശേഷിയുള്ളവരുടെ ഞായറായി വേർതിരിച്ചിരിക്കുന്നു. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരായി കിടക്കുന്നവരെ മാനവികതയുടെ ധന്യതയിലേക്ക് കൂട്ടിക്കൊണ്ടുവരുന്നതാണ് യഥാർത്ഥ ദൈവരാജ്യത്തിന്റെ സുവിശേഷം എന്ന് ബേഥെസ്ദ കുളക്കടവിൽ 38 വർഷമായി കിടന്ന രോഗിയെ സൗഖ്യമാക്കിയതിലൂടെ യേശു വ്യക്തമാക്കുകയാണുണ്ടായത്. ഇന്നും കർത്താവിന്റെ ശരീരമായ സഭ ഈ ദൗത്യം ഏറ്റെടുത്ത് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഒക്ടോബർ 15-ാം തീയതി ഞായറാഴ്ച യുവജന ഞായറാണ്. വചനാധിഷ്ഠിത ജീവിതമായി തീരുമ്പോഴാണ് യൗവ്വനം ധന്യമായിത്തീരുന്നത്. മലഞ്ചരിവിലൂടെ നിയന്ത്രണമില്ലാത ഒഴുകിവരുന്ന വെള്ളം ഒരു അണക്കെട്ടിൽ സമാഹരിച്ച് അവിടെനിന്നും വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിച്ച് സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതുപോലെ യുവജനങ്ങളുടെ സർഗ്ഗശേഷിയും ഊർജ്ജവും സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനെല്ലാമുള്ള പ്രാഥമികമായ പരിശീലനം ലഭിക്കുന്നത് നമ്മുടെ കുടുംബങ്ങളിലാണ്. ഒക്ടോബർ 22-ാം തീയതി ഞായർ ക്രിസ്തീയ കുടുംബ പ്രതിഷ്ഠാദിനമായി വേർതിരിച്ച് ആചരിക്കുകയാണ്. നസ്രേത്തിലെ കുടുംബമാണ് ഏറ്റവും മാതൃകയുള്ള കുടുംബമായി നാം ചരിത്രത്തിൽ ദർശിക്കുന്നത്. യോസഫും മറിയയും പരസ്പരം താങ്ങും തണലുമായി നിന്ന് തങ്ങൾക്കു ദൈവം നൽകിയ പുത്രനെ ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നുവരുവാൻ ആവശ്യമായ പരിശീലനം നൽകി വളർത്തി. ഈ സാക്ഷ്യത്തോടുകൂടി നമ്മുടെ കുട്ടികൾ ഭവനത്തിൽ വളരണമെങ്കിൽ ഓരോ കുടുംബവും ക്രിസ്തു വസിക്കുന്ന കുടുംബമായി തീരേണ്ടതാണ്. ഒക്ടോബറിലെ അവസാന ഞായറാഴ്ച മാമോദീസ എന്ന കൂദാശയെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോട് ഒട്ടിച്ചേർക്കപ്പെടുന്ന (Grafting) കുഞ്ഞുങ്ങൾക്കു മാത്രമേ കർത്താവ് ഉദ്ദേശിക്കുന്ന നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സാധിക്കുകയുള്ളു. അങ്ങനെ വളരുന്ന കുട്ടികൾക്കു മാത്രമേ ജീവിതത്തിന്റെ ഏതൊരു കാലഘട്ടത്തിലും അനുഭവത്തിലും നിന്നുകൊണ്ട് യേശുവിനെപ്പോലെ 'എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറണമേ' എന്ന് ദൈവത്തോട് പ്രാർത്ഥിക്കുവാൻ കഴിയുകയുള്ളു. നമുക്കും ഈ അനുഭവത്തിൽ വളരാം.

*'ജഡത്താൽ ജനിച്ചതു ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവാകുന്നു' (യോഹ: 3:6)*

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.



പുലാത്തീൻ,
20-09-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**